"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സി.ആർ.പി.എഫ് സേവനത്തിലിരിക്കെ മരണപ്പെട്ട CT/GD സൂരജ്.ആർ.-ന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പൊലീസ് സേന/ഗ്രഫ് ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.25/2023/SWD തീയതി,തിരുവനന്തപുരം, 30-10-2023

---

പരാമർശം:-

1. സ.ഉ.(പി) നം.450/99/പൊ.ഭ.വ. തീയതി, 29.06.1999.
2. സ.ഉ.(കൈ) നം.434/01/പൊ.ഭ.വ. തീയതി, 15.11.2001.
3. സ.ഉ.(കൈ) നം.14/2012/പൊ.ഭ.വ. തീയതി, 17.01.2012.
4. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 14.07.2023 ലെ ബി-6/193692/സി.എം.എസ്.ഡബ്ല്യു.എഫ്/2022/ഡി.എസ്.ഡബ്ല്യു നമ്പർ കത്ത്.

**ഉത്തരവ്**

ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ വച്ച് 08.07.2022-ൽ നക്സൽ വിരുദ്ധ ഓപ്പറേഷനിടെ ഒഴുക്കിൽപ്പെട്ട് മരണപ്പെട്ട CT/GD സൂരജ്.ആർ.-ന്റെ മാതാവ് ശ്രീമതി മണി രവീന്ദ്രൻ , മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പൊലീസ് സേന/ഗ്രഫ് ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും സൈനിക ക്ഷേമ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം നാലിലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ വച്ച് നടന്ന നക്സൽ വിരുദ്ധ ഓപ്പറേഷനിടെ അരുവി മുറിച്ചുകടക്കുന്നതിനിടയിൽ 08.07.2022-ൽ ഒഴുക്കിൽപ്പെട്ടാണ് സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ്.ആർ മരണപ്പെട്ടതെന്നും പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു പാരാമിലിട്ടറി സർവ്വീസ് ആയി അംഗീകരിച്ചിട്ടുള്ളതാണെന്നും മരണപ്പെട്ട സൈനികൻ അവിവാഹിതനായിരുന്നെന്നും ടിയാന്റെ പിതാവ് ജീവിച്ചിരിപ്പില്ലായെന്നും പരേതന്റെ

ആശ്രിതർക്ക് അടിയന്തര ധനസഹായമിനത്തിൽ തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ലാത്തതാണെന്നും പരേതന്റെ ആശ്രിതർക്ക് 5,00,000/- രൂപ അനുവദിക്കാവുന്നതാണെന്നും സൈനിക ക്ഷേമ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെപ്രതിരോധ സേന/കേന്ദ്ര സായുധ പൊലീസ് സേന/ഗ്രഫ് ക്ഷേമ നിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഷയം പരിശോധിക്കുകയുണ്ടായി. അപേക്ഷകയ്ക്ക് ധനസഹായത്തിന് അർഹതയുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ 08.07.2022-ൽ ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ വച്ച് നടന്ന നക്സൽ വിരുദ്ധ ഓപ്പറേഷനിടെ ഒഴുക്കിൽപ്പെട്ട് മരണപ്പെട്ട സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ്.ആർ.-ന്റെ മാതാവ് ശ്രീമതി മണി രവീന്ദ്രന് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പൊലീസ് സേന/ഗ്രഫ് ക്ഷേമ നിധിയിൽ നിന്നും 5,00,000/- **(അഞ്ച് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി മണി രവീന്ദ്രന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കരുനാഗപ്പള്ളി ശാഖയിലുള്ള അക്കൗണ്ട് നം. 30579052424 (IFSC Code - SBIN0004405) **-ലേയ്ക്ക്** ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ശ്രീമതി മണി രവീന്ദ്രൻ, കോഴിക്കോടന്റയ്യത്ത് തെക്കേപ്പുര, ഇരവിച്ചിറ ഈസ്റ്റ്, ശൂരനാട് പി.ഒ., കുന്നത്തൂർ, കൊല്ലം-690522.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 31-10-2023 16:01:00
സെക്ഷൻ ഓഫീസർ